# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6845 10.07.2014 - ൽ മറുപടിക്ക്

## തരൂർ മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള പ്രോജക്ടുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.കെ. ബാലൻ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) തരൂർ മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള പുതിയ കുടിവെള്ള പദ്ധതികളിലെ പ്രോജക്ടുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;<br><br>(ബി) ഓരോ പദ്ധതിയുടെയും എസ്റ്റിമേറ്റ് തുക, കുടിവെള്ള സ്രോതസ്സ്, കുടിവെള്ളം ലഭിക്കുന്ന പഞ്ചായത്തുകൾ എന്നിവ വിശദമാക്കുമോ ;<br><br>(സി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ; | (എ) (ബി) & (സി) തരൂർ മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>ഭൂജല വകുപ്പ് തരൂർ മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി, വരൾച്ചാ ദുരിതാശ്വാസ പദ്ധതി 2014 എന്നിവയിൽ ഉൾപ്പെടുത്തി കുഴൽ കിണറുകളുടെ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നുണ്ട്.<br><br>വടക്കഞ്ചേരി പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലായി കുഴൽ കിണറുകൾ നിർമ്മിക്കുന്നതിനായി 7,07,000/-, 5,17,000/- 6,15,000/- 48,773/- 50,390/- 41,874/- എന്നീ തുകകളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ കാവശ്ശേരി പഞ്ചായത്തിൽ കുഴൽ കിണർ നിർമ്മാണത്തിനായി 7,40,000/- രൂപയുടെയും കണ്ണമ്പ്ര പഞ്ചായത്തിൽ കുഴൽ കിണർ നിർമ്മാണത്തിനായി 45,549/- രൂപയുടെയും കാവശ്ശേരി പഞ്ചായത്തിൽ കുഴൽ കിണർ നിർമ്മാണത്തിനായി 41,425/- രൂപയുടെയും എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. |

വടക്കഞ്ചേരി പഞ്ചായത്തിലെ കുറുവായി എന്ന സ്ഥലത്ത് രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി പ്രകാരമുള്ള പ്രവർത്തി പുരോഗമിക്കുന്നു. വടക്കാഞ്ചേരി പഞ്ചായത്തിലെ മൂച്ചിങ്ങൽ കുളമ്പ്, തുറവകുന്ന് എന്നീ സ്ഥലങ്ങളിലെ ബോർവെൽ നിർമ്മാണം, കാവശ്ശേരി പഞ്ചായത്തിലെ കുണ്ടുതൊടി നീറ്റാപറമ്പ ബോർവെൽ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനുള്ള ടെൻണ്ടർ നടപടികൾ പുരോഗമിക്കുന്നു. വടക്കാൻഞ്ചേരി പഞ്ചായത്തിലെ പള്ളിക്കാട്, മംഗലം, ചെമ്പളിയാകുന്ന് എന്നീ സ്ഥലങ്ങളിലെയും കണ്ണമ്പ്ര പഞ്ചായത്തിലെ കർലോഡ്, ബോർവെൽ നിർമ്മാണത്തിനും സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ ഭൂജലവകുപ്പ് സ്വീകരിച്ചു വരുന്നു. കാവശ്ശേരി പഞ്ചായത്തിലെ പാടൂർ ബോർവെൽ നിർമ്മാണ പ്രവർത്തി പൂർത്തീകരിച്ചു.

| | | | |
|---|---|---|---|
| (ഡി) | പുതിയ ഏതെല്ലാം പദ്ധതികൾക്കാണ് നിർദ്ദേശങ്ങൾ ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ? | (ഡി) | പുതുക്കോട് പഞ്ചായത്തിനായി ഒരു പ്രോജക്ട് തയ്യാറാക്കാനായി 26/06/2014-ൽ കൂടിയ യോഗത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്